തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്
(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

DOT 2015 – 29-10-2015 -ൽ നടന്ന DOT II[nd] Paper പരീക്ഷയിൽ ക്രമക്കേടുകൾ നടന്നതായിട്ടുള്ള പരാതിയന്മേലുള്ള വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5643/15/Est-2** നന്തൻകോട്, **05/03/2016**

---

പരാമർശം :- 1) 26-09-2015 ലെ മേൽ നമ്പർ വിജ്ഞാപനം.
2) 04-11-2015 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസറുടെ 16-02-2016 ലെ DP 123/2015/TDB/VIG നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പരാമർശം (ഒന്ന്) പ്രകാരം 29-10-2015 -ൽ നടത്തിയ DOT II[nd] പേപ്പറിന്റെ പരീക്ഷയിൽ ക്രമക്കേടുകൾ നടന്നതായിട്ടുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസറെ ചുമതലപ്പെടുത്തി (പരാമർശം - രണ്ട്) ഉത്തരവ് നൽകിയിരുന്നതും, ആയതനുസരിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ് (പരാമർശം - മൂന്ന്).

അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും നിഗമനങ്ങളും ബോർഡ് സസൂക്ഷ്മം വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 29-10-2015 -ൽ നടന്ന DOT II[nd] പേപ്പർ പരീക്ഷ റദ്ദ് ചെയ്തും പ്രസ്തുത പരീക്ഷ 06-04-2016 -ൽ രാവിലെ 10 മണി മുതൽ 1 മണി വരെ നന്തൻകോട് സ്ഥിതിചെയ്യുന്ന സുമംഗലി കല്ല്യാണ മണ്ഡപത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചും പരീക്ഷാർത്ഥികളെ 21-10-2015 -ൽ നൽകിയിട്ടുള്ള ഹാൾടിക്കറ്റിന്റെ അടിസ്ഥാനത്തിൽ തന്നെ പരീക്ഷ എഴുതുന്നതിന് അനുവദിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

5/3/16
സെക്രട്ടറി

പകർപ്പ് :-

1) ദേവസ്വം കമ്മീഷണർ.
2) ചീഫ് വിജിലൻസ് & സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3) ലാ ആഫീസർ - വിവരം C- 35/2016 നമ്പർ കേസ്സിന്മേലുള്ള മറുപടിയായി ബഹു: ഓംബുഡ്സ്മാന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4) ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ.
5) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്റ്റേറ്റ് ഡിവിഷൻ - 06-04-2016 -ൽ സുമംഗലി കല്ല്യാണ മണ്ഡപത്തിൽ വച്ച് പരീക്ഷ നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.
6) ലെയ്സൺ ആഫീസർ, എറണാകുളം
7) സെക്ഷൻ ഫയൽ
8) ഫയൽ ബുക്ക്.

SK